

# ഇതല്ലേ ശരിക്കുമൊരു ബനാന റിപബ്ലിക്?

**ബർഖാദത്തിൽ** നിന്നും കെ.കെ ഷാഹിനയിലേക്ക് ഒരു പ്രത്യയശാസ്ത്രത്തിന്റെ ദൂരമുണ്ട്. രണ്ടു പേരും അടയാളപ്പെടുത്തുന്നത് രണ്ടു വർഗങ്ങളെയാണ്. ഒരാൾ ദല്ലാൾ പത്രപ്രവർത്തനത്തിന്റെ മുഖമാണെങ്കിൽ, മറ്റേയാൾ കുഴിച്ചുമൂടപ്പെടുന്ന സത്യം ചികഞ്ഞുകൊണ്ടേയിരിക്കുന്ന വിശ്വാസമാണ്. രണ്ടും ഒരേ കാലത്തിന്റെ ഭിന്നമുഖങ്ങളാണ് എന്നതാണ് ഇന്നത്തെ ഇന്ത്യൻ റിപബ്ലിക്കിന്റെ ഐറണി

ബാംഗ്ലൂർ സ്ഫോടനക്കേസിൽ പിഡിപി ചെയർമാൻ അബ്ദുന്നാസർ മഅ്ദനിക്കെതിരെയുള്ള സാക്ഷികളെ സ്വാധീനിക്കുന്നുവെന്നാരോപിച്ച് തെഹൽക പ്രതിനിധി കെ.കെ ഷാഹിനയടക്കം അഞ്ചുപേർക്കെതിരെ കേസെടുത്ത കർണാടക പോലീസിന്റെ നടപടി മാധ്യമസ്വാതന്ത്ര്യത്തിനും പൊതുനീതിക്കും നേരെയുള്ള വെല്ലുവിളിയാണ്. ഒപ്പം അതു നിലനിൽക്കുന്ന മാധ്യമരീതിയുടെ സൗകര്യത്തെയും സ്വീകാര്യതയെയും കുറിച്ചുള്ള ചില അശുഭചിന്തകളും മുമ്പോട്ടുവയ്ക്കുന്നുണ്ട്. ഇരട്ടസാങ്കേതികവിദ്യ/രണ്ടാം തലമുറ സ്പെക്ട്രം കുംഭകോണത്തിന് ഇടനിലക്കാരായെന്നു ആരോപണമുള്ള രാജ്യത്തെ മുതിർന്ന പത്രപ്രവർത്തകർ കേവലമൊരു നിഷേധക്കുറിപ്പിന്റെ സൗകര്യത്തിൽ ദാസ്യവൃത്തി നിർബാധം തുടരുമ്പോഴാണ് മനുഷ്യാവകാശത്തിന്റെ പ്രാഥമിക പരിഗണനപോലുമില്ലാതെ ഒരാളെ ഭീകരവാദിയാക്കുന്നതിന്റെ അനൗചിത്യത്തെ വിശകലനം ചെയ്യാൻ ശ്രമിച്ചതിന്റെ പേരിൽ ഷാഹിനയെപ്പോലുള്ളവരെ ഭരണകൂടം കേസിന്റെ കുരുക്കുകാട്ടി ഭയപ്പെടുത്താൻ ശ്രമിക്കുന്നതെന്നോർക്കണം.

എന്താണ് ഷാഹിന ചെയ്ത കുറ്റം? തെഹൽക്ക മാഗസിനിൽ ഷാഹിനയുടേതായി വന്ന, Why this man still in prison' എന്ന റിപ്പോർട്ടാണ് കർണാടകം വാഴുന്ന യെഡ്യൂരപ്പയുടെ പൊലീസിനെ ചൊടിപ്പിച്ചത്. ബാംഗ്ലൂർ സ്ഫോടനക്കേസിൽ പങ്കുണ്ടെന്നു പറഞ്ഞ് കർണാടക പൊലീസ് ജയിലിൽ പാർപ്പിച്ചിരിക്കുന്ന മദനിയെ കുറിച്ചാണ് റിപോർട്ട്. കേസിൽ സാക്ഷികളായി പൊലീസ് അവതരിപ്പിച്ചിരിക്കുന്ന രണ്ടാളുകളുമായി കെ.കെ യോഗാനന്ദ്, കെ.ബി റഫീഖ് കർണാടകത്തിൽ ചെന്ന് സംസാരിച്ചാണ് ഷാഹിന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. പൊലീസിന്റെ കുറ്റപത്രത്തിൽ പറയുന്നത്, ലഷ്കർ പ്രവർത്തകനെന്ന് സംശയിക്കുന്ന തടിയന്റവിട നസീറിന്റെ നേതൃത്വത്തിൽ കുടകിലെ ലക്കേരി എസ്റ്റേറ്റിൽ ചേർന്ന ക്യാമ്പിൽ വച്ച് മദനിയെ യോഗാനന്ദും റഫീഖും കണ്ടുവെന്നാണ്. ഈ ദൃക്സാക്ഷിത്വം ഉയർത്തിക്കാണിച്ചാണ് മദനിക്ക് കോടതി ജാമ്യം പോലും നിഷേധിച്ചതും. എന്നാൽ, മദനി കേസിൽ താൻ സാക്ഷിയാണെന്ന വിവരം പോലും തനിക്കറിയില്ലെന്ന് ബിജെപി പ്രവർത്തകൻ കൂടിയായ യോഗാനന്ദ് ഷാഹിനയോടു പറയുന്നു. റഫീഖിന്റെ വെളിപ്പെടുത്തൽ ഒരു പടി കൂടി കടന്നതായിരുന്നു. പൊലീസിന്റെ കണ്ണു വെട്ടിച്ചാണ് റഫീഖിനെ കണ്ട് സംസാരിക്കാൻ ഷാഹിനയ്ക്കും സംഘത്തിനുമാവുന്നത്. കർണാടക പൊലീസിന്റെ ഉഗ്രപീഡനങ്ങൾക്കു ശേഷം മദനിക്കെതിരെ സാക്ഷി പറയാൻ താൻ

നിർബന്ധിതനാവുകയായിരുന്നു എന്നാണ് റഫീഖിന്റെ വെളിപ്പെടുത്തൽ. അതായത്, മദനിക്ക് ജാമ്യം നിഷേധിക്കാനുള്ള പ്രധാന കാരണമായി കർണാടക പൊലീസ് ഉയർത്തിക്കാണിക്കുന്ന മൂന്നു പേരുടെ സാക്ഷിമൊഴികളിൽ (മൂന്നാമൻ പ്രഭാകർ) രണ്ടാളും രാജ്യത്തെ പ്രശസ്തമായ ഒരു മാധ്യമത്തോട് പൊലീസ് തെയ്യാറാക്കിയ കുറ്റപത്രം തട്ടിപ്പാണെന്ന് സമ്മതിച്ചിരിക്കുന്നു.

ഇതു തുറന്നുവിടുന്ന ചോദ്യങ്ങൾ വലുതാണ്. മദനിയെ കർണാടക പൊലീസ് മനപൂർവം കുടുക്കുകയായിരുന്നോ? പൊലീസ് തന്നെ കള്ളസാക്ഷികളെ ഉണ്ടാക്കുന്നതെന്തിനു വേണ്ടി? ഒമ്പതുവർഷക്കാലം ജാമ്യം പോലുമില്ലാതെ വിചാരണത്തടവുകാരനായി ജയിലിൽ കഴിയേണ്ടി വന്ന ഒരു വ്യക്തിയാണ് മദനിയെന്നോർക്കണം. അങ്ങിനെയൊരാളെ വീണ്ടും കള്ളസാക്ഷികളുടെ സഹായത്തോടെയാണ് പൊലീസ് തടങ്കലിൽ പാർപ്പിച്ചിരിക്കുന്നു എന്ന വെളിപ്പെടുത്തൽ അതീവഗൗരവമുള്ളതായി ഈ രാജ്യത്തെ ഭരണകൂട ഏജൻസികളൊന്നും കാണുന്നില്ലേ? ഈ വെളിപ്പെടുത്തലിനു കാരണക്കാരിയായ മാധ്യമ പ്രവർത്തകയെ അഭിനന്ദിച്ച്, സത്യാവസ്ഥ വെളിച്ചത്തു കൊണ്ടു വരാനുള്ള ഉടൻനടപടികൾ കൈക്കൊള്ളുകയാണ് ഉത്തരവാദിത്വമുള്ള ഏതൊരു ജനാധിപത്യ ഭരണകൂടവും ചെയ്യേണ്ടിയിരുന്നത്. എന്നാൽ യെഡ്യൂരപ്പയുടെ സർക്കാർ പ്രതികരിച്ച വിധമോ? തെഹൽക്കയുടെ വെളിപ്പെടുത്തലുകൾക്ക് പൊലീസിനു മറുപടിയില്ല, കർണ്ണാടക സർക്കാരിനും, മനുഷ്യാവകാശ കമ്മീഷനും.

ലോകത്തെ ഏറ്റവും വലിയ ഈ ജനാധിപത്യ രാജ്യത്തിലെ ഉത്തരവാദിത്വമുള്ള മറ്റു ഏജൻസികൾക്കൊന്നിനും മറുപടിയില്ല. പകരം, വാർത്തയെഴുതിയ മാധ്യമപ്രവർത്തകയ്ക്കെതിരെ സാക്ഷികളെ സ്വാധീനിക്കാൻ ശ്രമിച്ചു എന്നതിന്റെ പേരിൽ കേസ്! ഈ പൊലീസ് സ്റ്റോറി അതേ പടി വിഴുങ്ങാൻ കേരളത്തിലെ മുഖ്യധാരാ പത്രങ്ങൾ പോലും തെയ്യാറാവുമ്പോഴാണ് കഥ പൂർണമാകുന്നത്.

ഷാഹിനക്കെതിരെ കേസെടുക്കുന്ന കർണാടകപോലിസിന്റെ യുക്തി ലളിതമാണ്. ഇപ്പണിക്കു ഇനിയാരും മെനക്കെടരുത്. വിശാല അർത്ഥത്തിൽ മാധ്യമങ്ങളുടെ വായടപ്പിക്കുന്നതിനുള്ള ഒരു




കുരുട്ടുയുക്തി. എളുപ്പവഴിയിൽ ക്രിയ; കൂട്ടിയാലും കിഴിച്ചാലും ലാഭം യെഡ്യൂരപ്പന്റെ കാക്കിക്കും കാവിക്കും. പത്രക്കാരാണെങ്കിൽ, പ്രത്യേകിച്ചും മുസൽമാന്റെ പേരും പേറുന്ന കൂട്ടരാണെങ്കിൽ, ഇത്തരം സത്യാന്വേഷണവുമായി ഇറങ്ങരുത്. ഇറങ്ങിയാൽ അഴിയെണ്ണും. ഭരണകൂടം തീവ്രവാദിയെന്ന് ഒരാളെ വിളിച്ചു കഴിഞ്ഞാൽ പിന്നെ അതിനെ ചോദ്യം ചെയ്യരുത്. ചെയ്താൽ, ചെയ്യുന്നവർക്കും കിട്ടും ഒരു തീവ്രവാദപ്പട്ടം. അതല്ലാതെ എന്തു കാരണമാണ് ഈ കേസിനു പിന്നിലുള്ളത്? റഫീഖിനെ കാണാൻ പോകുന്ന വഴിക്ക് തങ്ങളെ തടഞ്ഞ പൊലീസുകാരോട് താൻ തെഹൽക്കയുടെ പ്രതിനിധിയാണെന്ന് ഷാഹിന തന്നെ പറയുന്നുണ്ട്. അവർ എഴുതിയ വാർത്ത തെഹൽക്കയിൽ വരികയും ചെയ്തു. ഇതൊന്നും പോരെങ്കിൽ, ഷാഹിനയെ കുറിച്ച് കർണാടക പൊലീസ് ഓഫീസിൽ വിളിച്ച് വിവരങ്ങളന്വേഷിച്ചിരുന്നുവെന്ന് തെഹൽക്ക തന്നെ സമ്മതിക്കുന്നു.

കേസു ചാർജ്ജു ചെയ്യുന്നതിനു മുൻപേ തന്നെ ഷാഹിനയുടെ വിവരങ്ങൾ ആരാഞ്ഞു കർണാടക പൊലീസ് ഞങ്ങളെ വിളിച്ചിരുന്നു. ഷാഹിന തെഹൽക്കയുടെ പ്രതിനിധിയാണെന്നും, നടന്നത് റിപോർട്ടിങ്ങിന്റെ ഭാഗമാണെന്നും ഞങ്ങൾ അവരോട് വിശദീകരിച്ചതാണ്. എന്നിട്ടും കേസെടുത്ത പൊലിസിന്റെ നടപടി അപഹാസ്യമാണ്, തെഹൽക ഫീച്ചേഴ്സ് എഡിറ്റർ ഷോമ ചൗധരി ദില്ലിപോസ്റ്റിനോടു പറയുന്നു. അതായത്, മാധ്യമപ്രവർത്തകയാണെന്ന് പൂർണമായും ബോധ്യപ്പെട്ടതിനു ശേഷമാണ് ഷാഹിനക്കെതിരെ കേസുമായി പൊലീസ് വന്നതെന്നർത്ഥം. എന്തുകൊണ്ട്? മദനിക്കേസിലെ സാക്ഷികളെ മാധ്യമപ്രവർത്തകരാരും കാണരുതെന്ന വാശി കർണാടക പൊലീസിനുണ്ടോ? ഈ ചോദ്യങ്ങൾക്ക് ഉത്തരം പറയാനുള്ള ബാധ്യത ഈ ജനാധിപത്യത്തിൽ ആർക്കെങ്കിലും ഉണ്ടാകേണ്ടതല്ലേ?

ഇന്ത്യൻ മാധ്യമരംഗത്തിന്റെ വിശ്വാസ്യതെ അടിമുടി കളങ്കിതമായി നിൽക്കുന്ന ഒരു സമയത്താണ് ഷാഹിന വിവാദം നടക്കുന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ജനാധിപത്യത്തിന്റെ നാലാംതൂണാണ് മാധ്യമങ്ങൾ എന്നാണ് വയ്പ്. ഇന്ത്യയുടെ ബൃഹത് ജനാധിപത്യം ലോകത്തിനു തന്നെ മാതൃകയാണെന്നും, മാധ്യമ സ്വാതന്ത്ര്യം അതിന്റെ മൂലക്കല്ലാണെന്നുമാണ് ഇവിടുത്തെ പൊളിറ്റിക്കൽ ക്ലാസും, മധ്യവർഗ ബുദ്ധിജീവികളും മുടങ്ങാതെ മുഴക്കുന്ന വീമ്പ്. എന്നാൽ, ആ മാധ്യമസ്വാതന്ത്ര്യത്തിന്റെ താക്കോലിരിക്കുന്നത്,

കോർപറേറ്റുകളുടേയും, ഏതാനും ലോബിയിസ്റ്റുകളുടേയും അരപ്പട്ടയിലാണെന്ന ദുഃഖസത്യം അങ്ങാടിപ്പാട്ടായിട്ട് ആഴ്ചകളേ ആയിട്ടുള്ളൂ. നീരാ റാഡിയ എന്ന കോർപറേറ്റ് ലോബിയിസ്റ്റ് തന്റെ ക്ലയന്റ് ലിസ്റ്റിലുള്ള കൂറ്റൻ കമ്പനികൾക്കു വേണ്ടി എങ്ങിനെ ദല്ലാൾ മാധ്യമപ്രഭുക്കളുടെ സഹായത്തോടെ വാർത്തകൾ സൃഷ്ടിക്കുന്നു എന്നതിന്റെ മുഴുവൻ രൂപവും, ഓപൺ, ഔട്ട്ലുക് മാസികകൾ വിശദമായി പുറത്തു വിട്ടിരുന്നു. അതായത്, കോർപറേറ്റുകളുടെ താത്പര്യമാണ് ഭരണകൂടത്തിന്റെ താത്പര്യം. അതു തന്നെയാണ് മുഖ്യധാരാ മാധ്യമങ്ങളുടേയും താത്പര്യം. റാഡിയ റ്റേപ്പിനെ പറ്റിയുള്ള വാർത്ത ഇന്ത്യയിലെ ഭൂരിഭാഗം സ്വതന്ത്ര മാധ്യമങ്ങളും ബഹിഷ്കരിച്ചത് യാദൃശ്ചികമാവാൻ തരമില്ലല്ലോ. അതായത് മാധ്യമ നേരിനും, സ്വാതന്ത്ര്യത്തിനുമൊക്കെ അപ്പുറത്ത് ചീഞ്ഞ റാക്കറ്റീയറിംഗിന്റെ ഒരിടമുണ്ട് വാർത്തകളുടെ കരിഞ്ചന്ത. ഈ അവിശുദ്ധ ഭരണമാധ്യമ കോർപറേറ്റ് അച്ചുതണ്ടിന്റെ യഥാർത്ഥ മുഖം വെളിവായിട്ടും അതിനെതിരെ ആരെങ്കിലും നടപടിയെടുത്തോ? റാഡിയ റ്റേപ്പ് എത്രയോ മാസങ്ങളായി സർക്കാരിന്റെ കയ്യിലിരിക്കുന്നു! ബർഖാദത്തിനെതിരെ എന്തെങ്കിലും നടപടിയെടുക്കാൻ എൻഡിറ്റിവി തയ്യാറായോ? വിർ സംഘ്വിയെ തള്ളിപ്പറയാൻ ഹിന്ദുസ്ഥാൻ റ്റൈംസ് തെയ്യാറാവുമോ? ഇല്ല എന്ന് നമുക്കെല്ലാവർക്കുമറിയാം. കാരണം, ബർഖയും, സംഘ്വിയുമൊക്കെയാണ് യഥാർത്ഥ ഇന്ത്യൻ മാധ്യമപ്രവർത്തനത്തിന്റെ പ്രതിനിധികൾ. ഭരണകൂടം ആഗ്രഹിക്കുന്ന മാധ്യമപ്രവർത്തനത്തിന്റെ അംബാസഡർമാർ. അതുകൊണ്ടു തന്നെ, ലോബീയിംഗും ദല്ലാൾപണിയും ചെയ്ത മാധ്യമതാരങ്ങൾ ഒരു പൊലീസിന്റെ മുന്നിലും കുറ്റക്കാരാനാവാനിടയില്ല.

റാഡിയ ടേപ്പിൽ പറയുന്ന കാര്യങ്ങൾക്കപ്പുറം, റ്റേപ്പ് എങ്ങിനെ പുറത്തായി എന്നതാണ് സർക്കാരിന്റെ (രത്തൻ റ്റാറ്റയുടേയും) ഇന്നത്തെ ഏറ്റവും വലിയ ആശങ്ക. അതുകൊണ്ടാണ്, സ്പെക്ട്രം കേസിൽ മൊത്തം പ്രതിപക്ഷത്തിന്റെ കടുത്ത ആവശ്യമുണ്ടായിട്ടും അന്വേഷണത്തിനുത്തരവിടാൻ മടിക്കുന്ന സർക്കാൻ ടാറ്റ ആവശ്യപ്പെട്ടതിന്റെ മൂന്നം നാൾ റാഡിയ റ്റേപ്പ് ചോർച്ച അന്വേഷണത്തിന് ഉത്തരവാകുന്നത്.

ബർഖാദത്തിൽ നിന്നും കെ.കെ ഷാഹിനയിലേക്ക് ഒരു പ്രത്യയശാസ്ത്രത്തിന്റെ ദൂരമുണ്ട്. രണ്ടു പേരും അടയാളപ്പെടുത്തുന്നത് രണ്ടു വർഗങ്ങളെയാണ്. ഒരാൾ ദല്ലാൾ പത്രപ്രവർത്തനത്തിന്റെ മുഖമാണെങ്കിൽ, മറ്റേയാൾ കുഴിച്ചുമൂടപ്പെടുന്ന സത്യം ചികഞ്ഞുകൊണ്ടേയിരിക്കുന്ന വിശ്വാസമാണ്. രണ്ടും ഒരേ കാലത്തിന്റെ ഭിന്നമുഖങ്ങളാണ് എന്നിടത്താണ് ഐറണി. അതുകൊണ്ടു തന്നെയാണ്, ഷാഹിന മാത്രം വില്ലനാകുന്നതും. ഭരണകൂടവും, കോർപറേറ്റുകളും, കുത്തകമാധ്യമങ്ങളും ചേർന്നു സൃഷ്ടിച്ചിരിക്കുന്ന മഹത്തായ ഇന്ത്യൻ മാധ്യമ പാരമ്പര്യത്തിനു പുറത്താണ് അവരുടെ മദനി റിപോർട്ട്. ബർഖാ ദത്ത് ഇപ്പോഴും ഇന്ത്യൻ കോർപറേറ്റ് മീഡിയയുടെ മദർ തെരേസയായി തുടരുമ്പോഴാണ് ഷാഹിനയെ പോലൊരാൾ നമ്മുടെ മുറ്റത്തെ മാതൃഭൂമിക്കും, കേരളകൗമുദിക്കും പോലും തീവ്രവാദിയായി മാറുന്നത് എന്നതോർക്കണം. ദീർഘകാലം ഏഷ്യാനെറ്റിന്റെ റിപോർട്ടറായിരുന്ന, കേരളത്തിലെ ഒട്ടുമിക്ക മാധ്യമപ്രവർത്തകർക്കും നന്നായറിയാവുന്ന ഷാഹിനയെ ഒന്നു വിളിച്ചു സംസാരിക്കുക പോലും ചെയ്യാതെയാണ് അവരെ പറ്റിയുള്ള കർണാടക പൊലീസിന്റെ വാർത്ത മാതൃഭൂമി അപ്പാടെ വിഴുങ്ങിയത്! കൗമുദിയുടെ റിപോർട്ടാകട്ടെ ജന്മഭൂമിയെ പോലും

അമ്പരപ്പിക്കുന്നതായി. ഇത് നിഷ്കളങ്കമായ മാധ്യമപ്രവർത്തനമാണ് എന്നു കരുതാനൊക്കുമോ?

ഇന്ത്യൻ ഭരണകൂടത്തിന്റെ സ്വഭാവം, പതുക്കെയാണെങ്കിലും, മാറിവരുന്നത് കണ്ടില്ലെന്ന് നടിച്ചാൽ കാത്തിരിക്കുന്നത് ദുരന്തങ്ങളായിരിക്കും. ബർഖാ ദത്തും, കെ.കെ ഷാഹിനയും, അരുന്ധതി റോയിയും ഈ കാലത്തിന്റെ ത്രിമാന ചിത്രമാണ്. ഇതിൽ രണ്ടു പേർ മാധ്യമ സ്വാതന്ത്ര്യത്തിന്റെ രണ്ടു മുഖങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നതെങ്കിൽ മൂന്നാമത്തെയാൾ ഒരു ജനാധിപത്യ രാഷ്ട്രം സ്വാഭാവികമായും ഉറപ്പുനൽകേണ്ട അഭിപ്രായ സ്വാതന്ത്യം എന്ന മൗലികാവകാശത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഇവർക്കു കിട്ടിക്കൊണ്ടിരിക്കുന്ന പ്രതികരണങ്ങൾ ഒരേ സമയം നാം ജീവിക്കുന്ന കാലത്തിന്റെ അടയാളങ്ങളും നമ്മുടെ രാജ്യത്തിന്റെ ഭാവിയിലേക്കുള്ള ചൂണ്ടുപലകകളുമാണ്. ഭരണകൂടവും ജനങ്ങളും അതെത്രയും വേഗം തിരിച്ചറിയുന്നോ അത്രയും നല്ലത്.

**പിൻകുറി:** ഇന്ത്യൻ മാധ്യമരംഗത്തെക്കുറിച്ചു പറയുമ്പോൾ വിപരീതോദാഹരണം എന്ന നിലയിൽ പലരും ചൂണ്ടിക്കാട്ടാറുള്ളത് ചൈനയിലെ മാധ്യമ സ്വാതന്ത്ര്യ നിരാസങ്ങളെയാണ്. ഒരു ജനാധിപത്യരാഷ്ട്രമായ ഇന്ത്യയിൽ അരുന്ധതി റോയ് മുതൽ ഷാഹിന വരെയുള്ളവർ അഭിപ്രായസ്വാതന്ത്ര്യത്തിനു വേണ്ടി ഭരണകൂടത്തിന്റെ ഉരുക്കുമുഷ്ടി നേരിടുന്ന് അതേ വിനാഴികകളിൽ കണ്ണടച്ചിരുട്ടാക്കി ബർഖാ ദത്തും വീർ സാംഗ്വിയും അടക്കമുള്ളവർ സ്റ്റേറ്റിന്റെ ദല്ലാളാവുമ്പോൾ നമുക്കു ഒരു അതോറിറ്റേറിയൻ ഭരണകൂടത്തെ ഇക്കാര്യത്തിൽ കുറ്റം പറയാൻ എന്തവകാശം? മിസ്റ്റർ ടാറ്റ, ഇതല്ലേ ശരിക്കുമൊരു ബനാന റിപ്പബ്ലിക്ക്.

(ദില്ലി പോസ്റ്റ്)